## 15 -ാം കേരള നിയമസഭ

## 6 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 201** **23-08-2022 - ൽ മറുപടിയ്ക്ക്**

## വർക്കല നിയോജകമണ്ഡലത്തിലെ ആശുപത്രികളുടെ വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വർക്കല നിയോജക മണ്ഡലത്തിലെ ആശുപത്രികളുടെ വികസനത്തിനായി 2016 മുതൽ ഇന്നേവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (എ) | വർക്കല താലൂക്കാശുപത്രിയിൽ 2016 ന് ശേഷം 3 കോടി 60 ലക്ഷം രൂപചെലവഴിച്ച് കൊണ്ട് 10 യൂണിറ്റുകൾ ഉള്ള ഡയാലിസിസ് കേന്ദ്രം സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 7 കോടി രൂപയുടെ പി.ഡബ്ല്യു.ഡി സ്പെഷ്യൽ ബിൽഡിംഗിന്റെ കെട്ടിടത്തിന്റെ പണി അവസാന ഘട്ടത്തിലാണ്. ആയത് പൂർത്തിയാക്കുന്നതിലേയ്ക്കായി 2021 ൽ Providing Transformer and installation of Lift in Govt. Taluk Hospital Varkala' എന്ന പ്രവർത്തി ചെയ്യുന്നതിലേയ്ക്ക് 1 കോടി 69 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ കിഫ്ബി പദ്ധതിയിൻ കീഴിൽ 39.97 കോടി രൂപയുടെ ഭരണാനുമതിയും, 33.26 കോടി രൂപയുടെ ധനാനുമതിയും നൽകിയി ട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് പഴയ കെട്ടിടങ്ങൾ ഡിമോളിഷൻ ചെയ്യുന്നതി നുള്ള ടെൻഡർ നടപടികൾ ആരംഭിക്കു കയും ചെയ്തിട്ടുണ്ട്.<br><br>വർക്കല നിയോജക മണ്ഡലത്തിൽ PHC നാവായിക്കുളം, FHC ഇടവ, FHC വെട്ടൂർ, FHC തോണിപ്പാറ, FHC മടവൂർ, FHC ചെമ്മരുത്തി എന്നീ ആരോഗ്യ സ്ഥാപനങ്ങളാണ് ഉള്ളത്. ഇവയിൽ ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ PHC ചെമ്മരുതി എന്ന സ്ഥാപനത്തി നേയും ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ PHC മടവൂർ, തോണിപ്പാറ, വെട്ടൂർ, ഇടവ എന്നീ സ്ഥാപനങ്ങളെയും ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ PHC നാവായിക്കുളം എന്ന സ്ഥാപനത്തെയും കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. ഇവയിൽ FHC ചെമ്മരുതി, FHC മടവൂർ, FHC തോണിപ്പാറ, FHC ഇടവ, FHC വെട്ടൂർ എന്നീ സ്ഥാപനങ്ങൾ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി പ്രവർത്തിച്ച് വരുകയാണ്. നാവായിക്കുളം പ്രാഥ |

| | | | |
|---|---|---|---|
| | | | മികാരോഗ്യ കേന്ദ്രത്തിനെ കുടുംബാ രോഗ്യ കേന്ദ്രമായി ഉയർത്തുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായി 15.50 ലക്ഷം രൂപ നാഷണൽ ഹെൽത്ത് മിഷൻ മുഖേന അനുവദിച്ചിട്ടുണ്ട്.<br><br>FHC വെട്ടൂർന് പുതിയ OP കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ടി പ്ലാൻ ഫണ്ട് 2 കോടി 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ വർക്കല നിയോജകമണ്ഡല ത്തിലെ CHCപള്ളിക്കലിനു പുതിയ കെട്ടിട നിർമ്മാണത്തിനായി 2.92 കോടി രൂപയുടെ ഫണ്ട് Major Construction under DHS എന്ന Head of Account വഴി അനുവദിച്ച് നിർമ്മാണ പ്രവർത്തികൾ നടന്നു വരികയാണ്. കൂടാതെ 6 കോടി രൂപ NABARD വഴിയും ടി സ്ഥാപനത്തിനു അനുവദിച്ചിട്ടുണ്ട്. വർക്കല നിയോജക മണ്ഡലത്തിൽ എൻ.എച്ച്എം മുഖേന കുന്നത്തുമല, FWC മുട്ടപ്പാലം, ചെമ്മരുതി പ്രധാന കേന്ദ്രം, എഫ്.ഡബ്ല്യൂസി, തോക്കാട്, മടവൂർ, എഫ്.ഡബ്ല്യൂസി ആനക്കുന്നം, വെങ്കുളം, കാപ്പിൽ, എടവം എം.സി, രാത്തിക്കൽ, പുത്തൻ ചന്ത, ഇലകമൺ, എഫ്.ഡബ്ല്യൂസി തോണിപ്പാറ എം.സി എന്നീ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളെ ഹെൽത്ത് ആന്റ് വെൽനസ് സെന്ററായി ഉയർത്തുന്ന തിനായി ഒരോ സ്ഥാപനത്തിനും 7 ലക്ഷം രൂപ വീതം ആകെ 91 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന നിർമ്മാണ പ്രവൃത്തി നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ